പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3626 20.06.2019 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ ദന്തൽ ക്ലിനിക്കുകൾ

| ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ദന്തൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; ജില്ലാ, താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുമായി സംസ്ഥാനത്താകെയുള്ള ഡന്റൽ സർജൻ, ഡന്റൽ ഹൈജീനിസ്റ്റ് എന്നീ തസ്തികകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട മംഗൽപാടി, ബദിയടുക്ക, കൊണ്ടോട്ടി, പത്തനാപുരം എന്നിവയൊഴികെ സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും 39 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി ദന്തൽ സർജന്റെ 236-ഉം ഹൈജീനിസ്റ്റിന്റെ 115-ഉം തസ്തികകൾ നിലവിലുണ്ട്. |
| (ബി) | ദന്തരോഗങ്ങൾ പ്രായഭേദമന്യേ പെരുകിവരുന്ന ഈ കാലഘട്ടത്തിൽ താലൂക്ക് ആശുപത്രികളിൽ രണ്ട് ഡന്റൽ സർജൻമാരുടെയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഒരു ഡന്റൽ സർജന്റെയും, ആവശ്യമായത്ര ഡന്റൽ ഹൈജീനിസ്റ്റുകളുടെയും സേവനം ഉറപ്പുവരുത്തുവാൻ നിലവിൽ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട മംഗൽപാടി, ബദിയടുക്ക, കൊണ്ടോട്ടി, പത്തനാപുരം എന്നിവയൊഴികെ എല്ലാ താലൂക്ക് ആശുപത്രികളിലും 39 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്തൽ സർജൻമാരുടെ തസ്തിക നിലവിലുണ്ട്. സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി ദന്തൽ വിഭാഗത്തിൽ സൃഷ്ടിക്കേണ്ട തസ്തികകൾ അടങ്ങിയ ഒരു സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഡന്റൽ സർജൻമാർക്കും ഡന്റൽ ഹൈജീനിസ്റ്റുകൾക്കും പ്രമോഷൻ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിലവിൽ ആരോഗ്യ വകുപ്പിൽ ദന്തൽ സർജൻമാർക്ക് ജനറൽ കേഡറിലും സ്പെഷ്യാലിറ്റി കേഡറിലുമായി പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ട്. ജനറൽ കേഡറിൽ ദന്തൽ അസിസ്റ്റന്റ് സർജനിൽ നിന്നും ദന്തൽ സിവിൽ സർജനിലേക്കും അവിടെ നിന്നും ദന്തൽ ഡെപ്യൂട്ടി ഡയറക്ടറിലേക്കും പ്രമോഷൻ തസ്തികകളുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ ദന്തൽ ജൂനിയർ കൺസൾട്ടന്റിൽ നിന്നും ദന്തൽ കൺസൾട്ടന്റിലേക്കും, സീനിയർ ദന്തൽ കൺസൾട്ടന്റിലേക്കും, ചീഫ് ദന്തൽ കൺസൾട്ടന്റിലേക്കും പ്രൊമോഷൻ നിലവിലുണ്ട്.<br>ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ദന്തൽ ഹൈജീനിസ്റ്റ് ഗ്രേഡ്-I, അതിൽ നിന്നും സീനിയർ ഗ്രേഡ് ദന്തൽ ഹൈജീനിസ്റ്റ് എന്നീ പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ